# 3

# ഒരു മുഖവുര

ഇന്നത്തെ സഭ ശ്രദ്ധിച്ചു വായിക്കേണ്ട പ്രാധാന്യമുള്ളതാണ് എഫെസ്യർ. സഭയുടെ സ്വഭാവത്തെയും ക്രിസ്തുവിൽ നമ്മെ വിളിച്ചിരിക്കുന്നതിന്റെ പ്രത്യേകതയെയും മനസ്സിലാക്കുകയും ആസ്വദിക്കുകയും ചെയ്യുമ്പോൾ, ലോകത്തിൽ നാം വ്യക്തിത്വം വേർതിരിച്ചുമനസ്സിലാക്കുന്നതിൽ പ്രതിസന്ധി നേരിടുന്നതായി കാണുന്നു. സഭയിലെ ശരാശരി അംഗം സഭയ്ക്കു ഉയർന്ന മൂല്യം കണക്കാക്കുന്നുണ്ടോ എന്നു സംശയമാണ്. ഏതെങ്കിലും ഒരു സഭ യുമായി ബന്ധപ്പെടാതെ തന്നെ തങ്ങളുടെ മതപരമായ വിശ്വാസത്തിൽ എത്തിച്ചേരുവാൻ കഴിയും എന്നു 81 ശതമാനം അമേരിക്കക്കാർ വിശ്വസി ക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.[1] അവരുടെ ജീവിതത്തിൽ സഭ കാര്യമേ അല്ല, ആ കാഴ്ച്ചപ്പാടിൽ ഒരു പ്രശ്നവും അവർ കാണുന്നുമില്ല. പല ക്രിസ്ത്യാനികളുടേയും മനസ്സുകളിൽ ഈ മനോഭാവം നുഴഞ്ഞു കയ റുകയും കർത്താവിന്റെ സഭയുടെ വിശുദ്ധി അധികവും നഷ്ടമാക്കുകയും ചെയ്തു.

എഫെസ്യലേഖനം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതിന്റെ മറ്റൊരു കാരണം കർത്താവിന്റെ സഭയുടെ പല ഇടവകകളും മതനിരപേക്ഷത സ്വീ കരിച്ചിരിക്കുന്നു എന്നതാണ്. സഭയെ കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ച്ചപ്പാട് നഷ്ടമായിരിക്കുന്നു. സഭയെ സംബന്ധിച്ചുള്ള ദൈവത്തിന്റെ കാഴ്ച്ചപ്പാട് അന്വേഷിക്കുന്നതിനു പകരം, ചിലർ തങ്ങളുടെ ഉള്ളിൽ സഭയെ കുറിച്ചുള്ള രൂപം പണിയുകയാണ്. അതു ഇന്നു അധികവും മതനിരപേക്ഷ സമൂഹ ത്തിന്റെ "ആവശ്യങ്ങളും" "വിചാരങ്ങളും" കൂടുതൽ നിറവേറ്റുന്ന സ്ഥാപ നങ്ങളുടെ ലക്ഷ്യത്തിലാണ് ചലിക്കുന്നത്. വിരോധാഭാസമായി, ഇടവകകൾ ബാഹ്യവിവേചനവും, ആവശ്യമായ വിലയിരുത്തലും, നടത്തി ക്രിസ്ത്യാ നികളെ ആകർഷിക്കുന്ന വികസനം നടത്തുന്നുണ്ടെങ്കിലും, ആളുകൾ അപ്പോഴും തങ്ങളുടെ മുൻഗണനകളിൽ സഭയ്ക്ക് ഉയർന്ന സ്ഥാനം നൽകു ന്നില്ല.

തീർച്ചയായും, എല്ലാ ക്രിസ്ത്യാനികളും സഭയോടുള്ള സ്നേഹവും ബഹുമാനവും നഷ്ടമാക്കിയിട്ടില്ല. അതുപോലെ കർത്താവിന്റെ സഭയായ എല്ലാ ഇടവകകളും അവരുടെ ചിന്താഗതി മതനിരപേക്ഷതയിലേക്കു മാറ്റി യിട്ടില്ല. എല്ലാ സഭകളും അവരുടെ പ്രത്യേകത നഷ്ടമാക്കിയിട്ടില്ല, പക്ഷെ എല്ലാ ക്രിസ്ത്യാനികളും എല്ലാ ഇടവകകളും ദൈവം തന്റെ സഭയെ കുറിച്ചും തന്റെ ജനത്തെ കുറിച്ചും ചിന്തിച്ചതായ കാര്യങ്ങൾ ഇല്ലാതിരിക്കു ന്നതുകൊണ്ടുള്ള ഭീഷണി നേരിടുകയാണ്. സഭ എന്നതു *ആളുകളാ*ണെന്നു എഫെസ്യ ലേഖനം നമ്മെ ഓർപ്പിക്കുന്നു - അത് വീണ്ടെടുക്കപ്പെട്ട ജനമാ ണ്. സഭ ദൈവത്തിന്റെ പുതിയ മനുഷ്യരാണ്. ഈ മഹത്വം എഫെസ്യലേ ഖനം ഉറപ്പിക്കുന്നു. സഭയുടെ സ്വഭാവത്തെ കുറിച്ചുള്ള പൗലൊസിന്റെ വിവ രണത്തിൽ ഈ അതിശയകരമായ പുതിയ ആളുകളായി ഉൾപ്പെടുത്തിയി

രിക്കുന്നു. ക്രിസ്തു മുഖാന്തരം തരുന്ന പുതിയ മനുഷ്യരായി ജീവിക്കുവാനാണ് ക്രിസ്ത്യാനികളെ ദൈവം ആഹ്വാനം ചെയ്യുന്നത്.

നാം എപ്പോഴെങ്കിലും പുതിയ നിയമ ലേഖനങ്ങളിലേക്കു വരുമ്പോൾ, അഞ്ചു അടിസ്ഥാന ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തേണ്ടതുണ്ട്: (1) ആരാണ് ലേഖനം എഴുതിയത്? (2) ലേഖനം എഴുതിയത് ആർക്ക്? (3) എപ്പോഴാണ് എഴുതിയത്? (4) അത് എഴുതിയത് എന്തിന്? കൂടാതെ (5) അടിസ്ഥാന സന്ദേശം എന്താണ്? ദൈവത്തിന്റെ പുതിയ മനുഷ്യരെ കുറിച്ചു ദൈവം എന്തു പറയുന്നു എന്ന എഫേസ്യലേഖനത്തിലെ സന്ദേശം നാം പഠിക്കുവാൻ തുടങ്ങുന്നതിനു മുൻപു, കുറച്ചു സമയം നാം ഈ ചോദ്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

**എഴുത്തുകാരൻ**

എഫെസ്യ ലേഖനത്തിലെ ആദ്യവാക്യം തന്നെ എഴുത്തുകാരനെ പരിചയപ്പെടുത്തുന്നു: "ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൗലൊസ്, എഫെസൊസിൽ ഉള്ള വിശുദ്ധന്മാരും, ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്കു, എഴുതുന്നത്: നമ്മുടെ പിതാവായ ദൈവത്തിങ്കൽ നിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ" (1:1, 2). തങ്ങളെത്തന്നെ പരിചയപ്പെടുത്തി ലേഖനം തുടങ്ങുന്നതു ഒന്നാം നൂറ്റാണ്ടിലെ എഴുത്തുകാരുടെ പതിവായിരുന്നു. പൗലൊസ് ആ മാതൃകയാണ് പിൻപറ്റിയത്.

പന്തിരുവർക്ക് യേശു നല്കിയ തലക്കെട്ടായിരുന്നു പൗലൊസും ഉപയോഗിച്ചത് (ലൂക്കൊസ് 6:12, 13). അവൻ ആധികാരിക സന്ദേശം അവതരിപ്പിക്കുവാൻ അയക്കപ്പെട്ട "അപ്പൊസ്തലൻ" (ഗ്രീക്ക്.: *അപ്പൊസ്റ്റോലസ്*), ആയിരുന്നു. പൗലൊസ് എഴുതിയതിനു പിന്നിൽ ആധികാരികതയുണ്ടായിരുന്നു. അതു പൗലൊസിന്റെ അഭിപ്രായം, ആശയം, അല്ലെങ്കിൽ നിർദ്ദേശം എന്നിവയേക്കാൾ ഉയർന്നതായിരുന്നു. അവന്റെ സന്ദേശം അവനിൽ നിന്നു ഉത്ഭവിച്ചതായിരുന്നില്ല; പൗലൊസിന്റെ സന്ദേശം യേശുക്രിസ്തു അവനു നല്കിയതായിരുന്നു. അവന്റെ എഴുത്തുകൾ കർത്താവായ യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും വാക്കുകളുമായി സ്വീകരിക്കണം.

തന്റെ അപ്പൊസ്തലത്വം താൻ സ്വയമായി എടുത്തതല്ല എന്നു പൗലൊസ് തന്റെ വായനക്കാരെ ബോധ്യപ്പെടുത്തുവാൻ പരിശ്രമിച്ചു. ആ സ്ഥാനത്തിനുവേണ്ടി അവൻ അപേക്ഷ കൊടുത്തില്ല. ഒരു സഭയും അവനെ അതിനായി നിയോഗിച്ചില്ല. പകരം, അവൻ അപ്പൊസ്തലനായതു ഏറ്റവും ഉയർന്ന അധികാരിയാലാണ്: പിതാവായ, ദൈവത്തിന്റെ ഇഷ്ടത്താൽ യേശുക്രിസ്തുവിന്റെ കല്പനയാലാണ്.

നാം എഫെസ്യ ലേഖനം വായിക്കുമ്പോൾ, വിശുദ്ധ ഭൂമിയിൽ നില്ക്കുന്നതായി നമ്മെ കാണണം. നാം വായിക്കുന്ന വാക്കുകൾ വെറും അനശ്വര വാക്കുകളല്ല. അവ ദൈവത്തിന്റെ വാക്കുകളാണ്. അപ്പൊസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നതു മുഖാന്തരം, ദൈവം, നമ്മളോടു സംസാരിക്കുകയാണ്.

**ഗുണഭോക്താക്കൾ**

ഈ പുസ്തകം സംബോധന ചെയ്തിരിക്കുന്നതു "എഫെസൊസിലെ വിശുദ്ധന്മാർക്കും, ക്രിസ്തുയേശുവിലെ വിശ്വാസികൾക്കും" ആണ്. തന്റെ വായനക്കാരെ സംബന്ധിച്ചു പൗലൊസിനു പറയുവാൻ ഉള്ളതു ശ്രദ്ധിക്കുക.

ഒന്നാമതു, അവർ "വിശുദ്ധന്മാർ" ആയിരുന്നു (ഗ്രീക്ക്.: *ഹാഗിയോസ്*). മറ്റുള്ള ക്രിസ്ത്യാനികളേക്കാൾ ഉയർന്നതരം ക്രിസ്ത്യാനികളെ സൂചിപ്പിക്കുന്നതല്ല ആ വാക്ക്. ഉയർന്ന വിശുദ്ധിക്കാവശ്യമായ നിബന്ധനകൾ ഉള്ള വേർതിരിക്കാവുന്ന ഒരു ചെറിയ കൂട്ടം ആളുകളല്ല വിശുദ്ധന്മാർ. "വിശുദ്ധൻ" എന്നത് എല്ലാ ക്രിസ്ത്യാനികൾക്കും ഉപയോഗിക്കാവുന്ന നാമനിർദ്ദേശമാണ്. അവൻ അല്ലെങ്കിൽ അവൾ ദൈവത്തിനായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്ന അർത്ഥത്തിൽ ഓരോ ദൈവപൈതലും വിശുദ്ധനാണ്. ആ വാക്ക് ആദ്യം ഉപയോഗിച്ചത് യിസ്രായേൽ ജനത്തെ വിവരിക്കുന്നതിനാണ്. യിസ്രായേൽ "വിശുദ്ധ വംശമായിരുന്നു." ഇപ്പോൾ അതു ക്രിസ്തു മുഖാന്തരം ദൈവത്തോട് അടുത്ത എല്ലാവരെയും ഉൾപ്പെടുത്തുന്നതാണ്. ഇന്നത്തെ ദൈവത്തിന്റെ യിസ്രായേൽ ദൈവത്തിന്റെ ക്രിസ്തുവിലുള്ള മനുഷ്യരാണ് (ഗലാത്യർ 6:16).

രണ്ടാമതു, അവർ "വിശ്വസ്തർ" ആയിരുന്നു (ഗ്രീക്ക്.: *പിസ്റ്റോസ്*). മറ്റൊരു വാക്കിൽ പറഞ്ഞാൽ, പൗലൊസ് തന്റെ വായനക്കാരെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചവരായിട്ടാണ് പരിഗണിച്ചത്. അവർ അവിശ്വാസികളല്ല, അവർ ക്രിസ്തുവിൽ വിശ്വാസികളായിരുന്നു.

മൂന്നാമതു, അവർ "ക്രിസ്തുയേശുവിൽ" ആയവരായിരുന്നു. എഫെസ്യ ലേഖനത്തിലെ ഈ മുഖ്യപ്രയോഗം വാക്യം 1–ൽ കാണുന്നു. ദൈവത്തിന്റെ പുതിയ മനുഷ്യവർഗ്ഗത്തിന് അവരുടെ നിലനില്പും ജീവിതത്തിന്റെ അനുഭവങ്ങളും "ക്രിസ്തുവിൽ" ആണുള്ളത്. "ക്രിസ്തുവിൽ" ആകുക എന്നാൽ ക്രിസ്തുവിനോടു ചേരുക എന്നതാണ്, അതു കൊമ്പുകൾ മുന്തിരിവള്ളിയോടെന്നപോലെയോ ശരീരത്തിലെ അവയവങ്ങൾ എന്ന പോലെയോ ആണ്. ക്രിസ്ത്യാനികൾ തങ്ങളുടെ ആശ്രയം ക്രിസ്തുവിൽ അർപ്പിക്കുകയും അവനിൽ ആശ്രയിച്ചു ജീവിതം നയിക്കുവാനും ശ്രമിക്കുന്നു.

അവസാനമായി, ഗുണഭോക്താക്കൾ "എഫെസൊസിൽ" ഉള്ളവരായിരുന്നു. എഫെസൊസ് റോമാ നാടിന്റെ തലസ്ഥാനവും, ആസ്യയിലെ വലിയ വ്യാപാരത്തിരക്കുള്ള, ഒരു തുറമുഖവുമായിരുന്നു. കൂടാതെ അന്യദേവതയായിരുന്ന അർത്തെമിസ് ദേവിയെ ആരാധിച്ചിരുന്ന പ്രധാന കേന്ദ്രവുമായിരുന്നു. അവിടെ നിർമ്മിച്ച ആ ക്ഷേത്രം ഇന്നും ലോകത്തിലെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടുന്നു.

പൗലൊസ് തന്റെ രണ്ടാം മിഷ്ണറി യാത്രയിൽ ആദ്യം എഫെസൊസിൽ ചെറിയ ഒരു സന്ദർശനം നടത്തുകയുണ്ടായി (പ്രവൃത്തികൾ 18:18–21). മൂന്നാമത്തെ മിഷ്ണറി യാത്രയിൽ അവൻ വീണ്ടും അവിടെ മടങ്ങിചെന്ന് രണ്ടു വർഷത്തിലധികം അവിടെ ചെലവഴിക്കുന്നുണ്ട്. മൂന്നു മാസം പള്ളിയിൽ അവൻ ഉപദേശിച്ചശേഷം, അവൻ മറ്റൊരു സ്ഥലത്തുള്ള തുറന്നൊസിന്റെ പാഠശാലയിൽ ഉപദേശിക്കയുണ്ടായി (പ്രവൃത്തികൾ 19:8, 9). പൗലൊസ് കൂടാരപ്പണി ചെയ്തു തന്റെ ഉപജീവനമാർഗ്ഗം കണ്ടെത്തി. തന്റെ സന്ദേശ വിവരങ്ങൾ ആ പ്രദേശം മുഴുവൻ വ്യാപിക്കയുണ്ടായി (പ്രവൃത്തികൾ 19:10).

അത്ഭുതങ്ങൾ നടന്നു. അവന്റെ മെയ്മേൽ നിന്നു റൂമാലും ഉത്തരീയവും രോഗികളുടെ മേൽ കൊണ്ടിടുകയും വ്യാധികൾ അവരെ വിട്ടുമാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു (പ്രവൃത്തികൾ 19:11, 12). യേശുവിന്റെ നാമത്തിൽ ഭൂതങ്ങൾ പുറത്തുവന്നു, പ്രത്യേകിച്ചു യെഹൂദ മന്ത്രവാദികൾ (പ്രവൃത്തികൾ 19:13–16). അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ തങ്ങളുടെ ദുഷ്പ്രവൃത്തികളിൽ നിന്നു തിരിഞ്ഞു അവരുടെ ആഭിചാര പുസ്തകങ്ങൾ കത്തിച്ചു കളഞ്ഞു (പ്രവൃത്തികൾ 19:18–20). ക്രമേണ, പൗലൊസിന്റെ വിജയം ആ സമൂഹത്തിന്റെ സമ്പദ്ഘടനക്കു ഭീഷണി ആയിരിക്കയാണെന്ന്, ദെമെത്രയോസ് എന്ന തട്ടാൻ പൗലൊസിൽ കുറ്റം ആരോപിച്ചു, കുഴപ്പം ഉണ്ടാക്കി. അർത്തെമിസ് ദേവിയുടെ വെള്ളിരൂപം ഉണ്ടാക്കിയിരുന്നവരുടെ ഉപജീവനമാർഗ്ഗം നില്ക്കുമെന്നവണ്ണം അവരുടെ വ്യാപാരത്തെ ബാധിച്ചു (പ്രവൃത്തികൾ 19:23–41). ഇതു പൗലൊസിനെ അവിടെ നിന്നു വിട്ടുപോകുമാറാക്കി, പക്ഷെ അതു സഭ സ്ഥാപിച്ചു ഉറപ്പിച്ചതിനു ശേഷമായിരുന്നു.

പൗലൊസ് പിന്നീട് ഒരിക്കലും എഫെസൊസ് സന്ദർശിച്ചിരുന്നില്ല, പക്ഷെ അവൻ യെരുശലേമിലേക്കു മടങ്ങി പോകുന്ന വഴിക്ക് മിലേത്തൊസ് തുറമുഖത്തു വെച്ചു എഫെസൊസിലെ മൂപ്പന്മാരെ വരുത്തി അവരോടു സംസാരിച്ചു. വളരെ ഹൃദയസ്പർശിയായ വിടവാങ്ങൽ സന്ദേശം അവൻ അവർക്കു നല്കുകയുണ്ടായി (പ്രവൃത്തികൾ 20:13–38).

“എഫെസൊസിൽ” എന്ന നാമം ഏറ്റവും ആദ്യത്തെ കയ്യെഴുത്തു പ്രതികളിൽ ഇല്ലായിരുന്നു എന്നതു ശ്രദ്ധിക്കുക. ഈ ലേഖനം എഫെസൊസിനു മാത്രമായിരുന്നില്ല, ആസ്യയിലെ *എല്ലാ* സഭകൾക്കും വേണ്ടിയുള്ളതായി കരുതണം എന്നു ചിലർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പൗലൊസ് എഫെസൊസിൽ താമസിച്ചിരുന്നപ്പോൾ ഇടപഴകിയ ആർക്കും പ്രത്യേക വന്ദനം അറിയിക്കാതിരിക്കുന്നതും ശ്രദ്ധിക്കേണ്ടതാണ്. പൊതുവായ അനുഭവങ്ങൾ ഈ പുസ്തകത്തിൽ പറയുന്നില്ല. പൗലൊസിന്റെ മറ്റു ചില ലേഖനങ്ങളിൽ കാണുന്ന വ്യക്തിപരമായ പരാമർശങ്ങൾ ഒന്നും ഇതിൽ കാണുന്നില്ല. ഇതുകൊണ്ടായിരിക്കാം ഒരുപക്ഷെ എഫെസ്യലേഖനം സർക്കുലർ ലേഖനമായി ചിലർ പറയുവാൻ കാരണം. എങ്ങനെയായാലും, ഗുണഭോക്താവിന്റെ വാസ്തവത്തിലുള്ള ഭൂമിശാസ്ത്രപരമായ പദവി അടിസ്ഥാന സന്ദേശത്തെ മാറ്റുന്നില്ല. ലേഖനം എല്ലാകാലത്തേക്കും എല്ലായിടത്തുമുള്ള സഭയ്ക്കുള്ള സന്ദേശമാണ്.

**തീയതി**

തടവുകാരനായിട്ടാണ് താൻ എഴുതുന്നത് എന്നു പൗലൊസ് മൂന്നു പ്രാവശ്യം ലേഖനത്തിൽ പറഞ്ഞിട്ടുണ്ട് (3:1; 4:1; 6:20). പൗലൊസിന്റെ നാലു തടവു ലേഖനങ്ങളിൽ ഒന്നായി ഇതിനെ വളരെ കാലമായി പരിഗണിച്ചു വരുന്നു (എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലേമോൻ). ഈ തടവു റോമിലായിരുന്നു എന്നു വിശ്വസിക്കാവുന്ന ധാരാളം കാരണങ്ങൾ ഉണ്ട് (എ.ഡി. 60–62). പൗലൊസ് റോമിൽ രണ്ടുവർഷം തടവിലായിരുന്നു (പ്രവൃത്തികൾ 28:16–31). അതിൽ കൂടുതലായി, പാരമ്പര്യം – ആദ്യ സഭയിൽ നിന്നു പതിനെട്ടാം നൂറ്റാണ്ടുവരെ – തടവുലേഖനങ്ങളുടെ ആരംഭസ്ഥാനം റോമായിരുന്നു എന്നു എപ്പോഴും കരുതിയിരുന്നു.

കൊലൊസ്യ സഭയിലുണ്ടായ ചില അനിഷ്ട സംഭവങ്ങളുടെ വിവരം എപ്പഫ്രാസ് വന്നു പൗലൊസിനെ അറിയിക്കയുണ്ടായി. സ്പഷ്ടമായും, ദുരുപദേശം ആ സഭയെ നശിപ്പിക്കുവാൻ തുടങ്ങിയിരുന്നു, അതുകൊണ്ടു പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതി. ആ ഇടവകയിലെ ഒരംഗമായിരുന്ന ഫിലേമോനു അവൻ വ്യക്തിപരമായ ഒരു ലേഖനവും എഴുതി. അതു ഒനേസിമോസ് എന്ന ദാസൻ സുവിശേഷം അനുസരിച്ചപ്പോൾ, അവന്റെ യജമാനനായിരുന്ന ഫിലേമോന്റെ അടുക്കലേക്കു, അയക്കുന്നതിനെ കുറിച്ചുള്ളതാണ്. എഫെസ്യലേഖനവും ആ സമയത്തായിരുന്നു എഴുതിയത്, അതു എഴുതിയത് ഒന്നുകിൽ എഫെസൊസ് സഭക്ക്, അല്ലെങ്കിൽ ആസ്യയിലെ റോമാപ്രദേശങ്ങളിലെ അടുത്തുള്ള സ്ഥലങ്ങളിലെ സഭകൾക്കായിരുന്നു. ഈ മൂന്നു ലേഖനങ്ങളും കൊണ്ടു കൊടുത്തത് തിഹിക്കൊസ് ആയിരുന്നു, തിഹിക്കൊസ് പൗലൊസിന്റെ "പ്രിയ സഹോദരനും കർത്താവിൽ വിശ്വസ്ത ശുശ്രൂഷകനും" ആയിരുന്നു (6:21). മറ്റൊരു സമയത്ത് റോമാ തടവിൽവെച്ചു തന്നെ എഴുതപ്പെട്ടതായിരുന്നു ഫിലിപ്പിയ ലേഖനം.

## ഉദ്ദേശം

എഫെസ്യ ലേഖനം മുഴുവൻ വായിച്ചാൽ, രണ്ടു മുഖ്യമായ ഉദ്ദേശങ്ങൾ ഉള്ളതായി കാണാം. ആദ്യമായി, പൗലൊസ് സഭയുടെ സ്വഭാവത്തെ, അതായത് ദൈവത്തിന്റെ പുതിയ ജനത്തെ വിവരിച്ചത്, അതിന്റെ ആരംഭവും, അതിലുള്ള രക്ഷിക്കപ്പെട്ട യെഹൂദന്മാരെയും യവനന്മാരെയും, കൂടാതെ അതിന്റെ നിത്യമായ ഉദ്ദേശവും കാണിച്ചുകൊണ്ടാണ് (അദ്ധ്യായങ്ങൾ 1–3). രണ്ടാമതായി, ദൈവത്തിന്റെ പുതിയ ജനത്തിന്റെ നടപ്പു ശരിയാക്കുവാൻ പൗലൊസ് ആവശ്യപ്പെടുന്നു (അദ്ധ്യായങ്ങൾ 4–6). ശരിയായ നടപ്പിൽ ക്രിസ്തുവിന്റെ ശരീരത്തിൽ വേണ്ട ഐക്യത ഉയർന്ന മുൻഗണനയായി എടുക്കണമെന്നതും (4:1–16), ദൈനന്തിന ജീവിതത്തിൽ ഭക്തിയെ ഗൗരവമായി പിന്തുടരണമെന്നതും ഉൾപ്പെടുന്നു (4:17–6:9), കൂടാതെ സാത്താന്റെ എതിർപ്പു പ്രതീക്ഷിക്കാവുന്നതും അതിനെ സൂക്ഷിക്കേണ്ടതുമാണ് (6:10–20). (ഈ പുസ്തകത്തിൽ മറ്റൊരു ഭാഗത്തു ഇതിന്റെ മുഴുവൻ ബാഹ്യരൂപരേഖ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## സന്ദേശം

എഫെസ്യ ലേഖനത്തിന്റെ മുഖ്യവിഷയം താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

> ... അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ടു, ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും, ക്രൂശിന്മേൽവെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ ... അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള

വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട് (2:15, 16; 3:10, 11).

പഴയതിന്റെ മദ്ധ്യേ പുതിയ മനുഷ്യരെ സൃഷ്ടിക്കുവാൻ ദൈവം യേശു ക്രിസ്തു മുഖാന്തരം രക്ഷിക്കുന്ന പ്രവൃത്തിയിൽ പ്രാധാന്യം കൊടുക്കുന്ന താണ് സന്ദേശം. ലേഖനത്തിൽ "ക്രിസ്തീയ ഉപദേശവും ക്രിസ്തീയ കട മയും, ക്രിസ്തീയ വിശ്വാസവും ക്രിസ്തീയ ജീവിതവും, ദൈവം ക്രിസ്തു മുഖാന്തരം ചെയ്തതും അതിന്റെ ഫലമായി നാം ചെയ്യേണ്ടതും സംയോജി പ്പിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു."[2]

**ഉപസംഹാരം**

വ്യക്തികളായ ക്രിസ്ത്യാനികൾക്കും കർത്താവിന്റെ സഭയുടെ ഇടവ കകൾക്കും എഫേസ്യ ലേഖന പഠനം എത്രമാത്രം പ്രാധാന്യമർഹിക്കുന്ന താണ് എന്നു ചിന്തിക്കുക. സഭയുടെ സ്വഭാവവും പ്രാധാന്യവും ഏറ്റവും നല്ല രീതിയിൽ വിവരിക്കുന്ന പുസ്തകമായി അതു നിലകൊള്ളുന്നു – അതാ യത് ദൈവത്തിന്റെ പുതു ജനങ്ങളെ അതു വിവരിക്കുന്നു. ആളുകൾക്ക് എഫെസ്യ ലേഖന പഠനത്തിനായി മൂന്നു വിധത്തിൽ സമീപിക്കാം:

*ചില ആളുകൾ എഫെസ്യ ലേഖനം എഴുതപ്പെട്ടതു വളരെ കാലം മുൻപു ജീവിച്ച ആളുകൾക്കു വേണ്ടിയായിരുന്നു എന്നു വിചാരിച്ചു, ഇന്നത്തെ ക്രിസ്ത്യാനികൾക്കുവേണ്ട അതിലെ സന്ദേശം, അവർ നഷ്ടമാക്കുന്നു.* അതിനാൽ ആനുകാലിക പ്രസക്തിയില്ലാത്ത പ്രാചീന രേഖ വായിക്കുന്ന അനുഭവമേ അവർക്കു എഫെസ്യ ലേഖനത്തിൽ നിന്നു കിട്ടുകയുള്ളൂ. ആ സമീപനത്തോടെ നാം എഫെസ്യ ലേഖനം വായിച്ചാൽ, അതിലെ സന്ദേശം നാം ഗൗരവമായി എടുക്കാതെ അതിൽ മുഷിപ്പു തോന്നുകയും ചെയ്യും.

*മറ്റുള്ളവർ എഫെസ്യ ലേഖനം പഠിക്കുന്നതു ഉപദേശപരമായ പാഠ്യ പദ്ധതിയായിട്ടാണ്, അതുകൊണ്ടു, ഇന്നത്തെ ക്രിസ്ത്യാനികൾക്കുള്ള സന്ദേ ശത്തിന്റെ പകുതി അവർ നഷ്ടമാക്കും.* എഫെസ്യ ലേഖനത്തിൽ വലിയ ഉപദേശം അടങ്ങിയിട്ടുണ്ട്. സഭയെയും മനുഷ്യർക്കുവേണ്ട ദൈവപദ്ധ തിയെയും സംബന്ധിച്ചുള്ള ചില അടിസ്ഥാന വേദശാസ്ത്ര ഉപദേശം അതു അവതരിപ്പിക്കുന്നുണ്ട്. ഉപദേശ സംബന്ധമായ ഒരു പാഠ പുസ്തകമായി മാത്രം നാം എഫെസ്യ ലേഖനത്തെ സമീപിച്ചു അതു നൽകുന്ന പ്രായോ ഗികത സ്വീകരിക്കാതിരുന്നാൽ, നമുക്കു സന്ദേശത്തിന്റെ പകുതി ഭാഗമേ ലഭിക്കുന്നുള്ളൂ. ഈ സമീപനം പുസ്തകത്തിന്റെ മുഖ്യ ലക്ഷ്യം തന്നെ നമുക്കു നഷ്ടമാകുവാൻ ഇടയാക്കും – അതു നമ്മുടെ ജീവിതത്തെ മാറ്റി ദൈവത്തിന്റെ പുതിയ മനുഷ്യരുമായി പങ്കുവെക്കുന്നവരെപോലെ ആക്കുന്നു.

*നമ്മോടുള്ള ദൈവത്തിന്റെ സന്ദേശമായി എഫെസ്യ ലേഖനത്തെ നമുക്കു വായിക്കാം.* എഫെസ്യ ലേഖനത്തോടു ആ സമീപനമാണ് നമുക്കുണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നത്. അതു ദൈവ വചനമാണ്. അതിനെ നാം ഈ മനോഭാവത്തോടെ സമീപിച്ചാൽ, നാം മാറിയ ആളുക ളായി തീരും. അതാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെ നിങ്ങൾക്കും ഭവിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ ഈ അത്ഭുത സംഭവ ങ്ങൾ വിവരിക്കുന്ന പുസ്തകത്തിലൂടെ യാത്ര ചെയ്യുന്നതു കൊണ്ടു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

കുറിപ്പുകൾ

[1]റോബെർട്ട് ബെല്ലാ, *ഹാബിറ്റ്സ് ഓഫ് ദ ഹാർട്ട്* (ന്യൂ യോർക്ക്: ഹാർപെർ ആന്റ് റോ, 1985), 221. [2]ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട്, *ദി മെസേജ് ഓഫ് എഫെഷ്യൻസ്: ഗോഡ്സ് ന്യൂ സൊസൈറ്റി,* ദ ബൈബിൾ സ്പീക്ക്സ് റ്റുഡേ, ജെന. എഡി. ജോൺ ആർ. ഡബ്ലിയു. സ്റ്റോട്ട് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ – വാർസിറ്റി പ്രെസ്, 1979), 25.